# 75-ാം സ്വാതന്ത്ര്യ ദിനാഘോഷ റിപ്പോർട്ട്

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് വിദ്യാലയത്തിൽ  ആഗസ്റ്റ് 10 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. 10-ാ തിയതി " സ്വാതന്ത്ര്യത്തിന്റെ കയ്യൊപ്പ് " എന്ന പരിപാടിയോടു കൂടെ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. പള്ളി വികാരി Fr Tony Ross Vazhappilly യുടെ നേതൃത്വത്തിൽ PTA Executive അംഗങ്ങൾ, സ്റ്റാഫംഗങ്ങൾ,High school വിദ്യാർത്ഥിനികൾ എന്നിവർ ചേർന്ന് ഒരു banner ൽ കയ്യൊപ്പ് രേഖപ്പെടുകയുണ്ടായി. UP വിദ്യാർത്ഥിനികൾ പലവർണ്ണങ്ങളിൽ വിരലടയാളമാണ് രേഖപ്പെടുത്തിയത്.11-ാം തിയതി, വിദ്യാർത്ഥികൾക്കായി പതാക നിർമ്മാണ മത്സരം നടത്തി.

അന്നേദിവസം , പഞ്ചായത്ത് മെമ്പർ ശ്രീമതി. ശുഭ സുരേഷും HM Rev Sr Raichel Christo യും ചേർന്ന് "ഗാന്ധി മരം" നടുകയുണ്ടായി. സ്വാതന്ത്ര്യ ചിന്തകളോടെ തങ്ങൾ തയ്യാറാക്കിയ വിവിധ poster കളുമായി വിദ്യാർത്ഥിനികളും ഗാന്ധി മരം നടുന്നതിൽ പങ്കു ചേർന്നു12-ാം തിയതി സ്കൂൾ അസ്സംബ്ലിയിൽ ഇന്ത്യൻ ഭരണഘടനയുടെ ആമുഖം വായിച്ചു. അന്നു തന്നെ ക്ലാസ്സ്ടിസ്ഥാനത്തിൽ പ്രസംഗ മത്സരവും ദേശഭക്തിഗാന മത്സരു നടത്തി.13-ാം തിയതി ഒട്ടുമിക്ക വിദ്യാർത്ഥിനികളും തങ്ങളുടെ വീടുകളിൽ ദേശീയ പതാക ഉയർത്തിക്കൊണ്ട് ദേശസ്നേഹം പ്രകടിപ്പിച്ചു. സ്വാതന്ത്ര്യ ദിനമായ August 15 ന് ഹെഡ്മിസ്ട്രസ്സ് Rev Sr Raichel Christo അദ്ധ്യാപകരുടെയും PTA Executive അംഗങ്ങളുടെയും school guides,JRC cadets വിദ്യാർത്ഥികൾ

എന്നിവരുടെ സാന്നിദ്ധ്യത്തിൽ ദേശീയ പതാക ഉയർത്തി .വിവിധ കലാപരിപാടികളോടെ നടത്തിയ പൊതുയോഗത്തിനു ശേഷം സ്വാതന്ത്ര്യത്തിന്റെ നടപ്പു വാർഷികത്തെ ഓർമ്മിപ്പിച്ചു കൊണ്ട് വിദ്യാർത്ഥിനികൾ '75' ആകൃതിയിൽ അണിനിരന്നു. ദേശസ്നേഹിക .ളുടെ വേഷമണിഞ്ഞ കുട്ടികളെ മുൻ നിർത്തി പതാക വർണ്ണത്തിലുള്ള ബലൂണുകളേന്തി വിദ്യാർത്ഥിനികൾ നടത്തിയ റാലി ശ്രദ്ധാവഹമായിരുന്നു.